بسم الله الرحمن الرحيم

**2009, ഖുത്ബ നമ്പര്‍- 39**

**25.09.2009**
**ബയ്ത്തുല്‍ ഫുതൂഹ്,**
**ലണ്ടന്‍**

# പരമകാരുണികന്റെ ദാസരുടെ ഗുണങ്ങള്‍

وَعِبَادُ الرَّحْمٰنِ الَّذِيْنَ يَمْشُوْنَ عَلَى الْاَرْضِ هَوْنًا
وَّاِذَا خَاطَبَهُمُ الْجٰهِلُوْنَ قَالُوْا سَلٰمًا ﴿٦٤﴾ وَالَّذِيْنَ يَبِيْتُوْنَ
لِرَبِّهِمْ سُجَّدًا وَّقِيَامًا ﴿٦٥﴾ وَالَّذِيْنَ يَقُوْلُوْنَ رَبَّنَا اصْرِفْ
عَنَّا عَذَابَ جَهَنَّمَ ۖ اِنَّ عَذَابَهَا كَانَ غَرَامًا ﴿٦٦﴾ اِنَّهَا سَآءَتْ
مُسْتَقَرًّا وَّمُقَامًا ﴿٦٧﴾ وَالَّذِيْنَ اِذَآ اَنْفَقُوْا لَمْ يُسْرِفُوْا
وَلَمْ يَقْتُرُوْا وَكَانَ بَيْنَ ذٰلِكَ قَوَامًا ﴿٦٨﴾ وَالَّذِيْنَ لَا
يَدْعُوْنَ مَعَ اللّٰهِ اِلٰهًا اٰخَرَ وَلَا يَقْتُلُوْنَ النَّفْسَ الَّتِيْ
حَرَّمَ اللّٰهُ اِلَّا بِالْحَقِّ وَلَا يَزْنُوْنَ ۚ وَمَنْ يَّفْعَلْ ذٰلِكَ
يَلْقَ اَثَامًا ﴿٦٩﴾

وَالَّذِيْنَ لَا يَشْهَدُوْنَ الزُّوْرَ ۙ وَاِذَا مَرُّوْا بِاللَّغْوِ مَرُّوْا
كِرَامًا ﴿٧٣﴾ وَالَّذِيْنَ اِذَا ذُكِّرُوْا بِاٰيٰتِ رَبِّهِمْ لَمْ يَخِرُّوْا
عَلَيْهَا صُمًّا وَّعُمْيَانًا ﴿٧٤﴾ وَالَّذِيْنَ يَقُوْلُوْنَ رَبَّنَا هَبْ
لَنَا مِنْ اَزْوَاجِنَا وَذُرِّيّٰتِنَا قُرَّةَ اَعْيُنٍ وَّاجْعَلْنَا
لِلْمُتَّقِيْنَ اِمَامًا ﴿٧٥﴾ اُولٰٓئِكَ يُجْزَوْنَ الْغُرْفَةَ
بِمَا صَبَرُوْا وَيُلَقَّوْنَ فِيْهَا تَحِيَّةً وَّسَلٰمًا ﴿٧٦﴾ خٰلِدِيْنَ
فِيْهَا ۗ حَسُنَتْ مُسْتَقَرًّا وَّمُقَامًا ﴿٧٧﴾

പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാര്‍ ഭൂമിയില്‍ ശാന്തരായി നടക്കുന്നവരാണ്. അവിവേകികള്‍ അവരുമായി നേരിട്ടാല്‍ അവര്‍ സമാധാനം എന്നു പറഞ്ഞു ഒഴിഞ്ഞു മാറുന്നതാണ്.

തങ്ങളുടെ നാഥനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നു പ്രാര്‍ത്ഥിച്ചുകൊണ്ടും രാത്രി കഴിച്ചു കൂട്ടുന്നവരുമാണവര്‍.

ഞങ്ങളുടെ നാഥാ! ഞങ്ങളില്‍ നിന്നും നരകശിക്ഷയെ തിരിച്ചുവിടേണമേ. തീര്‍ച്ചയായും അതിന്റെ ശിക്ഷ വളരെ വലിയ നാശമാണ് അത് താത്ക്കാലികസ്ഥലമെന്ന നിലക്കും സ്ഥിരവാസസ്ഥലമെന്ന നിലക്കും വളരെ ചീത്തയാണ് എന്ന് പ്രാര്‍ത്ഥിക്കുന്നവരുമാണവര്‍.

ചെലവഴിക്കുമ്പോള്‍ അമിതമാക്കുകയോ ലുബ്ധ് കാണിക്കുകയോ ചെയ്യാത്തവരുമാണവര്‍. അവ രണ്ടിനുമിടയില്‍ മിതമായതായിരിക്കും.

അല്ലാഹുവിനോടൊപ്പം മറ്റൊരു ആരാധ്യനെ വിളിച്ചു പ്രാര്‍ത്ഥിക്കാത്തവരും അല്ലാഹു നിരോധിച്ച ഒരു ജീവനെ ന്യായമായ കാരണം കൂടാതെ വധിക്കാത്തവരും വ്യഭിചരിക്കാത്തവരുമാണവര്‍. വല്ലവനും അതു ചെയ്താല്‍ അവന്‍ പാപത്തിന്റെ ശിക്ഷ കണ്ടെത്തുന്നതാണ്.

കള്ളസാക്ഷി പറയാത്തവരുമാണവര്‍. വ്യര്‍ത്ഥമായ കാര്യങ്ങളുടെ അരികിലൂടെ അവര്‍ നടന്നു പോകുന്നതായാല്‍ അവര്‍ മാന്യന്മാരായി കടന്നു പോകുന്നതാണ്.

അവരുടെ നാഥന്റെ ദൃഷ്ടാന്തങ്ങള്‍ അവരെ ഓര്‍മ്മപ്പെടുത്തുന്നതായാല്‍ ബധിരരും അന്ധരുമായി അവര്‍ അതിനെ കൈകാര്യം ചെയ്യുകയില്ല.

ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളില്‍ നിന്നും ഞങ്ങളുടെ സന്തതികളില്‍ നിന്നും ഞങ്ങള്‍ക്ക് നീ കണ്‍കുളിര്‍മ പ്രദാനം ചെയ്യേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവര്‍ക്ക് ഞങ്ങളെ നേതാവാക്കേണമേ എന്ന് പ്രാര്‍ത്ഥിക്കുന്നവരാണവര്‍.

ആ കൂട്ടര്‍ സ്ഥിരചിത്തത കൈകൊണ്ട കാരണത്താല്‍ സ്വര്‍ഗീയമായ ഉന്നതസ്ഥാനം അവര്‍ക്ക് പ്രതിഫലമായി നല്കപ്പെടും. അവര്‍ അവിടെ അഭിവാദ്യങ്ങളും സമാധാനാശംസകളുമായി സ്വീകരിക്കപ്പെടുന്നതുമാണ്.

അവരതില്‍ ശാശ്വതനിവാസികളായിരിക്കും. വിശ്രമസ്ഥാനമെന്ന നിലയിലും സ്ഥിരം സങ്കേതമെന്ന നിലയിലും അത് എത്രയും വിശിഷ്ടമായത് തന്നെ. (25:64-69), 25:(73-77)

റമദാന്‍ വരികയും കടന്നുപോകുകയും ചെയ്തു. റമദാനില്‍ അയച്ച കത്തുകളും റമദാന്ന് ശേഷം അയച്ച ഫാക്സുകളും ഇപ്പോള്‍ കിട്ടിക്കൊണ്ടെ ഇരിക്കുകയാണ്. റമദാനില്‍ പരിശുദ്ധമാറ്റം വരുത്താന്‍ യഥാര്‍ത്ഥ രീതിയില്‍ പരിശ്രമിച്ചിട്ടുണ്ടെങ്കില്‍ അല്ലാഹു അതിനെ നിലനിര്‍ത്തുമാറാകട്ടെ. നമ്മില്‍ ഇങ്ങനെയൊരു പരിവര്‍ത്തനം ഉണ്ടാകണം എന്ന ചിന്ത ചിലരിലെങ്കിലും ഉണ്ടായിട്ടുണ്ടെങ്കില്‍ അത് തന്നെയാണ് റമദാന്റെ നേട്ടം. അല്ലാഹു വിശുദ്ധഖുര്‍ആനില്‍ ചില സവിശേഷഗുണങ്ങള്‍ പറഞ്ഞിട്ടുണ്ട്. അത് സ്വായത്തമാക്കിയാല്‍ നാം ഇബാദുര്‍റഹ്മാന്‍ (പരമകാരുണികന്റെ ദാസര്‍) ആയിത്തീരുന്നതാണ്.

ഞാന്‍ ഓതിക്കേള്‍പ്പിച്ച ആയത്തുകളില്‍ ആ ഗുണങ്ങളേയാണ് വിവരിച്ചിരിക്കുന്നത്. വ്യക്തിപരമായ ഉത്തരവാദിത്വങ്ങളെക്കുറിച്ചും സാമൂഹിക ഉത്തരവാദിത്വങ്ങളെക്കുറിച്ചും അല്ലാഹുവിനോടുള്ള കടമകളെക്കുറിച്ചും ഇതില്‍ പ്രതിപാദിച്ചിരിക്കുന്നു. ഇത് നേടിയെടുക്കാനായി പരിശ്രമിക്കുകയാണെങ്കില്‍ അല്ലാഹു അവരെ ഇബാദുര്‍റഹ്മാനില്‍ ഉള്‍പ്പെടുത്തുകയും അവര്‍ക്ക് തന്റെ സ്വര്‍ഗ്ഗത്തെ കുറിച്ച് സുവാര്‍ത്ത നല്‍കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് റമദാനിന് ശേഷവും നാം അല്ലാഹു വിവരിച്ചു തന്നിരിക്കുന്ന മാര്‍ഗ്ഗത്തെ അവലംബമാക്കുകയാണെങ്കില്‍ അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുന്നവരായി നാം മാറുന്നതാണ്. അവന്റെ സ്വര്‍ഗ്ഗത്തിന്റെ അവകാശികളായി നാം മാറുന്നതാണ്. ഇങ്ങിനെ അല്ലാഹു നമ്മോട് തൃപ്തിപ്പെട്ടുകഴിഞ്ഞാല്‍ ആരിലെങ്കിലും വല്ല പരിശുദ്ധ മാറ്റവും ഉണ്ടായിട്ടുണ്ടെങ്കില്‍ എന്നെന്നും അത് നിലനിന്നു പോകുന്നതാണ്.

ഇബാദുര്‍റഹ്മാന്റെ ഗുണങ്ങളില്‍ പ്രഥമമായി പറയുന്നത് يَمْشُوْنَ عَلَى الْاَرْضِ هَوْنًا എന്നാണ്. അവര്‍ ഭൂമിയില്‍ ശാന്തരായി, വിനയാന്വിതരായി നടക്കുന്നവരാണ്. അവരുടെ ഓരോ തീരുമാനവും നീതിപൂര്‍വ്വമായിരിക്കും. അനാവശ്യകാഠിന്യമോ ദേഷ്യമോ

അവരിൽ ഉണ്ടായിരിക്കില്ല. ഈ ദേഷ്യവും കാഠിന്യവും മനുഷ്യനെ അവസാനം അഹങ്കാരം വരെ എത്തിക്കുന്നു. ഭീരുത്വവും നിന്ദ്യതയും പ്രകടമാകുന്ന തരത്തിലുള്ള അനാവശ്യമായ മൃതുത്വവും അവരുടെ പ്രകൃതത്തിൽ ഉണ്ടാവില്ല. വ്യക്തിപരമായും അതേപോലെ ജമാഅത്തീതലത്തിലും അവരിൽ നിന്നും സദ്ഗുണങ്ങൾ പ്രകടമാകുന്നതാണ്. ഇബാദുർറഹ്മാനായിക്കൊണ്ട് സമൂഹതലത്തിലും ഈ ഗുണങ്ങൾ തങ്ങളിൽ ഉണ്ടാക്കാൻ അവർ ശ്രമിക്കുന്നതാണ്. ഇബാദുർറഹ്മാൻ ആയിത്തീരുന്നവർക്ക് വിജയം ലഭിക്കുന്നതാണെന്ന പ്രവചനവും ഇതിൽ അടങ്ങിയിരിക്കുന്നുണ്ട്. വിജയം ലഭിച്ചു കഴിഞ്ഞാലും അവരിൽ അഹങ്കാരം ഉണ്ടാകില്ല. മുമ്പ് ചെയ്തതിനൊന്നും അപ്പോൾ അവർ പകരം വീട്ടുകയുമില്ല. ആ സമയത്ത് അല്ലാഹുവിനെ മറക്കുന്നവരായി നിങ്ങൾ മാറരുത്. അപ്പോഴും വിനയത്തോടും താഴ്മയോടും കൂടി തങ്ങളുടെ കടമകൾ നിറവേറ്റിക്കൊടുക്കുന്നവരായി നിങ്ങൾ മാറേണ്ടതാണ്.

രണ്ടാമത്തെ ഗുണമായി എടുത്ത് പറഞ്ഞിരിക്കുന്നത് خَاطَبَهُمُ الْجٰهِلُوْنَ قَالُوْا سَلٰمًا അല്ലാഹുവിന്റെ ദാസരിൽ ഉണ്ടായിരിക്കേണ്ട മറ്റൊരു ഗുണം അവർ കുഴപ്പങ്ങളിൽ നിന്നും പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിൽ നിന്നും വിട്ടു നിൽക്കുകയും അവരോട് കുതർക്കം ചെയ്യുന്നവരോട് മയത്തിൽ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി ക്കൊടുക്കുകയും ചെയ്യുന്നു. അതേപോലെ ആദ്യ കൽപനപ്രകാരം കരസ്ഥമാക്കിയിരിക്കുന്ന വിനയവും ജമാഅത്ത് തലത്തിൽ നിലനാട്ടിയിരിക്കുന്ന ആദരവും നിങ്ങൾ എപ്പോഴും നിലനിറുത്തുകയും ഇനി നിങ്ങൾക്ക് മേൽകൊയ്മ കൈവരുമ്പോഴും അത് നിലനിറുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. ശൈത്താൻ തന്റെ പ്രവർത്തി ചെയ്തു കൊണ്ടേ ഇരിക്കും. അവൻ വിവിധരീതിയിൽ നിങ്ങൾക്കെതിരിൽ പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ടിരിക്കും. അങ്ങനെ നിങ്ങളുടെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കുന്ന പ്രവർത്തനങ്ങൾ അവൻ ചെയ്യും. ആ സമയത്ത് നിങ്ങൾ നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കണം. തിരുനബി (സ.അ) യും തിരുസഖാക്കളും നമ്മുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള മാതൃക അപ്പോൾ നാം കാഴ്ച്ചവെക്കണം. ഭാവിയിൽ ജമാഅത്തിന്റെ അവസ്ഥ നന്നായിത്തീരും എന്ന സൂചനയാണ് ഇതിലും അടങ്ങിയിരിക്കുന്നത്.

എന്നാൽ ഇപ്പോൾ ചില നാടുകളിൽ പ്രത്യേകിച്ച് പാക്കിസ്ഥാനിൽ അഹ്മദികളെ ബുദ്ധിമുട്ടിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരുടെ വികാരങ്ങളെ വ്യണപ്പെടുത്താൻ ശ്രമിക്കുന്നു. അവരുടെ ആഗ്രഹം നിരന്തരമായി അക്രമപ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരുന്നാൽ അതു നേരിടുന്നതിന്നായി അഹ്മദികൾ നിയമം കയ്യിലെടുക്കുമെന്നും അങ്ങനെ നിയമലംഘനത്തിന്റെ പേരും പറഞ്ഞ് അഹ്മദികളെ കൂടുതൽ മർദ്ദിക്കാനും അവരോട് കാർക്കശ്യം കാട്ടാനും അവർക്ക് സാഹചര്യം സംജാതമാക്കുമെന്നുമാണ്. എന്നാൽ അല്ലാഹു പറയുന്നത് ഇങ്ങനെയുള്ള പൈശാചിക പ്രവണതകളെ മനസ്സിലാക്കി റഹ്മാന്റെ ദാസരായുംകൊണ്ട് നിയമപരിധികളിൽ നിന്ന് കൊണ്ട് നിയമനടപടികൾ ചെയ്യുക എന്നാണ്. എന്നാൽ ഒരിക്കലും അശ്ലീലങ്ങൾക്ക് മറുപടി അതേരീതിയിൽ നിങ്ങൾ തിരിച്ചു നൽകരുത്. ഇതുമുഖേന മറ്റു അഹ്മദികൾക്കും ജമാഅത്തിനും പ്രശ്നം സങ്കീർണ്ണമാകുകയാണ് ചെയ്യുക. അത്കൊണ്ട് ഇന്നത്തെ അവസ്ഥയിൽ എനിക്ക് അഹ്മദികളോട് പറയാനുള്ളത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്ന ഇബാദുർറഹ്മാനായി നിങ്ങൾ തീരുക എന്നാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിൽ ജമാഅത്തിന്റെ വിജയത്തെ കുറിച്ച് സൂചനയുണ്ട്. ഒരു കാലം വരും. അന്ന് നിങ്ങളുടെ കരങ്ങൾ ഇവർക്കുമീതെ വരുന്നതാണ്. ആ സമയത്ത് നീതി എന്താണെന്നും ശക്തി ഉണ്ടായിട്ടുകൂടി മറ്റുള്ളവരുടെ വികാരം എങ്ങനെയാണ് മാനിക്കേണ്ടതെന്നും തങ്ങളുടെ വികാരത്തെ നിയന്ത്രിക്കേണ്ടത് എങ്ങനെയാണെന്നും ലോകത്തിന് നിങ്ങൾ കാണിച്ചുകൊടുക്കണം. അഹ്മദികളെ ഏതെങ്കിലും രീതിയിൽ പ്രകോപിതരാക്കാനുള്ള പരിശ്രമങ്ങളാണ് പാക്കിസ്ഥാനിൽ എതിരാളികൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അഹ്മദികൾക്ക് നഷ്ടം വരുത്താൻ സാധിക്കുന്ന സർവ്വവിധ പദ്ധതികളും വിവിധ സ്ഥലങ്ങളിൽ അവർ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനാൽ ഈ പരിതസ്ഥിതികൾ മനസ്സിലാക്കിക്കൊണ്ട് വളരെ സൂക്ഷ്മതയോടെ കാലെടുത്തു വെക്കുക. ക്ഷമയോടും ദുആയോടും കൂടി അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട് ഈ അവസ്ഥയെ നേരിടുക.

റഹ്മാന്റെ ദാസരുടെ ഗുണങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. "ഭൂമിയിൽ വിനയാന്വിതരായി നടക്കുകയും ജാഹിലീങ്ങൾ അവരോട് പരുഷമായി പെരുമാറുമ്പോൾ സമാധാനത്തിന്റെയും കാരുണ്യത്തിന്റെയും വാക്കുകൾ പറഞ്ഞ് അവരിൽ നിന്ന് പിരിഞ്ഞുപോകുകയും ചെയ്യുന്നവരാണ് റഹ്മാന്റെ ദാസർ.- (ഏറ്റവും മോശമായ അവിവേകികളുമായാണ് നമുക്ക് ഇപ്പോൾ ബന്ധപ്പെടേണ്ടി വരുന്നത് . അതിനാൽ നമ്മുടെ വികാരങ്ങളെ പൂർണ്ണമായും നിയന്ത്രിച്ചുകൊണ്ട് സമാധാനത്തിന്റെയും കാരുണ്യത്തിന്റെയും മാർഗ്ഗമാണ് നാം അവലംബിക്കേണ്ടത്.)- പരുഷമായ പെരുമാറ്റത്തിന് പകരമായി മാന്യമായ അവർ പ്രതികരിക്കുകയും ചീത്ത പറയുന്നവരുടെ നന്മക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. റഹ്മാനായ അല്ലാഹുവിന്റെ ഗുണം സ്വായത്തമാക്കാൻ അവർ ശ്രമിക്കുന്നു. കാരണം റഹ്മാനായ അല്ലാഹു നല്ലവരെന്നോ മോശക്കാരെന്നോ നോക്കാതെ തന്റെ എല്ലാ ദാസർക്കും സൂര്യനും ചന്ദ്രനും ഭൂമിയും അതേപോലുള്ള എണ്ണമറ്റ അനുഗ്രഹങ്ങളിൽ നിന്നും അവർക്ക് പ്രയോജനം നൽകിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ റഹ്മാൻ എന്ന ഗുണം എന്തിനു വേണ്ടി ഉപയോഗിക്കുന്നു എന്ന കാര്യമാണ് ഈ ആയത്തുകളിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നത്. അവന്റെ വിശാലമായ കാരുണ്യം പൊതുവിൽ എല്ലാ നല്ലവരിലും തിയ്യരിലും വ്യാപിച്ചിരിക്കുന്നു." അതുകൊണ്ട് ഇന്നും ഭാവിയിലും നമ്മുടെ ശത്രുമിത്രങ്ങളോട് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പ്രതീകങ്ങളായി നാം മാറിക്കൊണ്ട് കാരു ണ്യവും വിട്ടുവീഴ്ച്ചയും ചെയ്തുകൊണ്ടേ മുന്നോട്ട് പോകേണ്ടതാണ്. തനിക്ക് വേണ്ടിയും മറ്റുള്ളവരുടെ ഹിദായത്തിന് വേണ്ടിയും അല്ലാഹുവിനോട് ദുആ മുഖേന സഹായം തേടേണ്ടതാണ്. അങ്ങിനെ നാം എപ്പോഴും ഇബാദുർറഹ്മാനിൽ ഉൾപ്പെടുന്നവരായിത്തീരുന്നതാണ്.

ഇബാദുർറഹ്മാന്റെ മൂന്നാമത്തെ ഗുണമായി പറയുന്നത് يَبِيْتُوْنَ لِرَبِّهِمْ سُجَّدًا وَّ قِيَامًا എന്നാണ്. രാത്രി സുജൂദ് ചെയ്തു കൊണ്ടും നിന്നുകൊണ്ടും തന്റെ നാഥന് വേണ്ടി അവർ കഴിച്ചു കൂട്ടുന്നു. കഴിഞ്ഞ ദിവസങ്ങളിൽ കുറച്ചു നാളുകൾക്കായി ഒരു വലിയ വിഭാഗം ആളുകൾ ഇതനുസരിച്ച് പ്രവർത്തിച്ചു. ഇവിടെ അല്ലാഹു പറഞ്ഞത് കുറച്ച് ദിവസം മാത്രം അവർ രാത്രി ഇങ്ങിനെ കഴിച്ചുകൂട്ടും എന്നല്ല. സ്ഥിരമായി അവരുടെ രാത്രികൾ സുജൂദിലും ഖിയാമിലും കഴിച്ചുകൂട്ടുന്നവരായിരിക്കും എന്നാണ്. ഇന്നത്തെ ഈ പരിതസ്ഥിതിയിൽ ഒരു അഹ്മദിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കടമയാണ് ഇതെന്ന് മനസ്സിലാക്കണം. ലോകത്തുള്ള എല്ലാ മുസ്ലിംനാടുകളിലും അഹ്മദികൾ വളരെയധികം പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അത്കൊണ്ട്

ഇന്ന് ഫർള് നമസ്കാരങ്ങളിൽ മാത്രം ശ്രദ്ധിച്ചാൽ പോരാ, രാത്രികളിൽ നഫലുകൾ അനുഷ്ഠിക്കുന്നതിൽ ശ്രദ്ധിക്കുകയും തഹജ്ജുദ് നമസ്കാരം അനുഷ്ഠിക്കുകയും ചെയ്യുക. രാത്രിയിൽ എഴുന്നേൽക്കുന്നത് മൂലം നഫ്സിനെ നമ്മുടെ നിയന്ത്രണത്തിൽ നിലനിറുത്താൻ സാധിക്കുന്നതാണ്. അല്ലാഹു പറഞ്ഞതാണിത്. നിഷ്കപടമായിക്കൊണ്ട് രാത്രികളിൽ അല്ലാഹുവിന്റെ സവിധത്തിൽ ആരാധനയിൽ മുഴുകുന്നവരായി നാം മാറുകയാണെങ്കിൽ ജമാഅത്തിന്റെ പ്രയാസങ്ങൾ ദൂരീകരിക്കുവാൻ ഇത് കാരണമായിത്തീരുന്നതായിരിക്കും. ഇൻശാ അല്ലാഹ്.

എന്നാൽ ഒരു കാര്യം ഓർമ്മവെക്കുക. രാത്രികളിൽ എഴുന്നേറ്റ് പ്രാർത്ഥിക്കുന്നത് സ്വന്തം കാര്യങ്ങൾക്ക് വേണ്ടിയാകരുത്, മറിച്ച് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനും ജമാഅത്തിന്റെ വിജയത്തിനും വേണ്ടി ആയിരിക്കണം. ലോകത്തുള്ള ഓരോ അഹ്മദിയും നിഷ്കളങ്കരായി അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് കൊണ്ട് ജമാഅത്തിന്റെ ഉന്നമനത്തിനായി രാത്രിയിൽ രണ്ട് റകാഅത്തെങ്കിലും നമസ്കരിക്കുന്നതാണെന്ന് തന്നിൽ നിർബന്ധമാക്കുകയാണെങ്കിൽ ഇൻശാ അല്ലാഹ് അല്ലാഹുവിന്റെ സഹായം മുമ്പത്തെക്കാളുപരി എത്രമാത്രം നമ്മിൽ വർഷിക്കുമെന്ന് കാണാൻ സാധിക്കുന്നതാണ്. ശത്രുവിന്റെ ശത്രുതയും എതിരാളികളുടെ എതിർപ്പും അല്ലാഹു എങ്ങനെ കാറ്റിൽ പറത്തുന്നതാണെന്നും കാണാൻ സാധിക്കുന്നതാണ്. റസൂൽ (സ.അ) തിരുമേനി ഇപ്രകാരം പറയുകയുണ്ടായി: "അല്ലാഹു എന്നോട് പറഞ്ഞിരിക്കുന്നു. നഫലുകൾ മുഖേന മനുഷ്യൻ ഞാനുമായി വളരെയധികം അടുക്കുന്നു. എത്രമാത്രമെന്നാൽ അവൻ കേൾക്കുന്ന ചെവിയായി ഞാൻ മാറുന്നു, അവൻ നോക്കുന്ന കണ്ണായി ഞാൻ മാറുന്നു, അവൻ പിടിക്കുന്ന കൈയ്യായി ഞാൻ മാറുന്നു, അവൻ നടക്കുന്ന കാലുകളായി ഞാൻ മാറുന്നു."

ചുരുക്കത്തിൽ നഫലുകൾ അനുഷ്ഠിക്കുകയും തഹജ്ജുദ് നമസ്കരിക്കുകയും ചെയ്യുന്നവരുടെ വളരെസമീപസ്ഥനായി അല്ലാഹു മാറുന്നു. അല്ലാഹുവിന്റെ ഈ സാമീപ്യം കരസ്ഥമാക്കാൻ നാം ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. റമദാൻ കഴിഞ്ഞതിനാൽ ഇനി വ്യർത്ഥമായ സദസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് രാത്രി കുറേ നേരം സമയം പാഴാക്കി അങ്ങനെ സുബ്ഹി നമസ്കാരത്തിന് പോലും എഴുന്നേൽക്കാൻ കഴിയാത്ത ഒരു സാഹചര്യം സൃഷ്ടിക്കണം എന്നതല്ല. മറിച്ച് അല്ലാഹുവിനെ നമ്മുടെ സമീപസ്ഥമാക്കാനും നമ്മെ അല്ലാഹുവിന്റെ സമീപസ്ഥരാക്കാനും ഉതകുന്ന രാത്രികൾ സ്വായത്തമാക്കാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇബാദുർറഹ്മാൻ ആയിത്തീരേണ്ട രീതി റമദാൻ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നമ്മുടെ രാത്രികളെ ഇബാദത്തിനാൽ അലങ്കരിക്കേണ്ടതാണ്. ഇതാണ് വിപ്ലവത്തിന് കാരണമായിത്തീരുക. തിരുനബി (സ.അ) യുടെ സഹാബത്ത് ഈ രീതിയാണ് അവലംബിച്ചിരുന്നത്. അങ്ങിനെ അവർ കൊണ്ടുവന്ന വിപ്ലവം ലോകർ കാണുകയുണ്ടായി. നിർബന്ധസാഹചര്യത്തിൽ പകൽ അവർക്ക് യുദ്ധം ചെയ്യേണ്ടിവന്നെങ്കിൽ രാത്രികൾ അവർ ആരാധനയിൽ കഴിച്ചുകൂട്ടിയിരുന്നു. മുസ്ലീംകളിൽ രാത്രികാല ആരാധന നിലനിന്നിടത്തോളം കാലം അവർക്ക് വിജയം ലഭിച്ചുകൊണ്ടിരുന്നു. ഇന്ന് ഇതനുസരിച്ച് പ്രവർത്തിക്കേണ്ടത് അഹ്മദികളുടെ കടമയാണ്. അഹ്മദിയ്യത്തിന്റെയും ഇസ്ലാമിന്റെയും വിജയത്തിനായി കൂടുതലായി ദുആ ചെയ്തുകൊണ്ടിരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:- റസൂലുല്ലാഹി (സ.അ) വന്നപ്പോഴുള്ള അറബികളുടെയും ലോകത്തിന്റെ തന്നെയും അവസ്ഥ ആരിൽ നിന്നും ഗോപ്യമല്ല. മൃഗതുല്യമായ ജീവിതമാണ് അവർ നയിച്ചിരുന്നത്. തീറ്റയും കുടിയുമല്ലാതെ മറ്റൊന്നും അവർക്കറിയില്ലായിരുന്നു. സമസൃഷ്ടികളോടുള്ള കടമയെ കുറിച്ചോ സൃഷ്ടാവിനോടുള്ള ഉത്തരവാദിത്വത്തെ കുറിച്ചോ ഒന്നും അറിയില്ലായിരുന്നു. അവരുടെ അവസ്ഥയെ കുറിച്ച് ഒരു ഭാഗത്ത് അല്ലാഹു പറഞ്ഞത് يَأْكُلُوْنَ كَمَا تَأْكُلُ الْاَنْعَامُ മൃഗങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുന്നതുപോലെയാണ് അവർ തിന്നുകയും കുടിക്കുകയും ചെയ്തിരുന്നത്. എന്നാൽ തിരുനബി (സ.അ) യുടെ അദ്ധ്യാപനങ്ങൾ അവരെ സമൂലമായി മാറ്റിമറിക്കുകയും يَبِيْتُوْنَ لِرَبِّهِمْ سُجَّدًا وَّ قِيَامًا എന്ന അവസ്ഥയിലേക്ക് അവർ പരിവർത്തിക്കപ്പെടുകയും ചെയ്തു. തങ്ങളുടെ നാഥന്റെ സ്മരണയിൽ രാത്രി സാഷ്ടാംഗപ്രണാമം നടത്തിയും നിന്നുകൊണ്ടും അവർ കഴിച്ചുകൂട്ടാൻ തുടങ്ങി. അല്ലാഹ്! അല്ലാഹ്! എത്ര മഹത്തരമാണിത്! റസൂലുല്ലാഹി (സ.അ) മുഖേന അതുല്യമായ വിപ്ലവവും അതിമഹത്തായ മാറ്റവും അവരിൽ സംജാതമാക്കുകയുണ്ടായി. സൃഷ്ടികളോടുള്ള കടമകളും സൃഷ്ടാവിനോടുള്ള ഉത്തരവാദിത്വവും സന്തുലിതമായി അവർ നിറവേറ്റി. മൃതതുല്യരായ ഒരു സമൂഹത്തെ ഉന്നത മൂല്യമുള്ള പരിശുദ്ധസമൂഹമാക്കി മാറ്റിമറിച്ചു. പൊതുവിൽ ഗുണങ്ങളെ രണ്ടായി തരം തിരിക്കാം. ഒന്ന് വിജ്ഞാനപരമായ ഗുണം, മറ്റൊന്ന് പ്രവർത്തനപരമായ ഗുണം. പ്രവർത്തനപരമായി നോക്കിയാൽ അവർ يَبِيْتُوْنَ لِرَبِّهِمْ سُجَّدًا وَّ قِيَامًا എന്ന അവസ്ഥയിലേക്ക് ഉയർന്നു. വൈജ്ഞാനികപരമായി നോക്കിയാൽ ഗ്രന്ഥരചനയും ഭാഷയുടെ വൈപുല്ല്യവും അതിവിപുലമായി കാണാൻ സാധിക്കുന്നതാണ്. അതിന് മറ്റുദാഹരണങ്ങൾ ലഭ്യമല്ല.

ആ മഹാത്മാവ് വീണ്ടും പറയുന്നു. ആത്മീയതയും പരിശുദ്ധതയും ഇല്ലാത്തിടത്തോളം ഒരു മതത്തിനും മുമ്പോട്ട് പോകാൻ സാധ്യമല്ല. തിരുനബി (സ.അ) യുടെ ആഗമനത്തിന് മുമ്പ് ലോകത്തിന്റെ അവസ്ഥ എന്തായിരുന്നെന്ന് വിശുദ്ധഖുർആൻ പറഞ്ഞതാണ്. يَأْكُلُوْنَ كَمَا تَأْكُلُ الْاَنْعَامُ. ഈ സമൂഹം ഇസ്ലാം സ്വീകരിച്ചപ്പോൾ അവരെ കുറിച്ച് പറഞ്ഞത് يَبِيْتُوْنَ لِرَبِّهِمْ سُجَّدًا وَّ قِيَامًا എന്നാണ്. ആകാശത്ത് നിന്ന് ശമനൗഷധം ലഭിക്കാത്തിടത്തോളം കാലം ഹൃദയം ശരിയാകുന്നതല്ല. മനുഷ്യൻ മുമ്പോട്ട് കാൽ വെക്കുന്നു. എന്നാൽ അത് അവന്റെ പിന്നാലെ കൂടുന്നു. പരിശുദ്ധസ്വഭാവവും യഥാർത്ഥ പ്രകൃതവുമുള്ള മനുഷ്യനാണെങ്കിലേ മതം മുന്നോട്ട് പോവുകയുള്ളൂ. ഇതില്ലാതെ ഒരു മതവും തന്നെ അഭിവൃദ്ധി പ്രാപിക്കുന്നതല്ല. ഇനി അഭിവൃദ്ധി പ്രാപിക്കുന്നുണ്ടെങ്കിൽ തന്നെ അതു നിലനിൽക്കുന്നതല്ല."

അതുകൊണ്ട് ജമാഅത്ത് അഭിവൃദ്ധിപ്പെടണമെന്നും ജമാഅത്തംഗങ്ങൾക്ക് നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ അവസാനിക്കണമെന്നും നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ആകാശത്ത് നിന്ന് ഇറങ്ങുന്ന ഔഷധം ഇതിൽ അനിവാര്യമാണ്. ആകാശീയ ഔഷധം ലഭിക്കുന്നത് അല്ലാഹു നൽകിയിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് അവന്റെ മുമ്പിൽ ഹാജരായി തേടുമ്പോഴാണ്. അല്ലാഹു നമുക്കിതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

നാലാമത്തെ ഗുണമായി പറഞ്ഞിട്ടുള്ളത് ഇബാദുർറഹ്മാൻ നരകത്തിൽ നിന്നും അകന്നിരിക്കാനായി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കും എന്നാണ്. പാപം കാരണമായി പരലോ

കത്ത് ലഭിക്കുന്ന നരകത്തിൽ നിന്നും, തെറ്റുകളും തെറ്റായ നട പടികളും കാരണം ഈ ലോകത്ത് പ്രത്യക്ഷപ്പെടുന്ന നരകത്തിൽ നിന്നും അവൻ രക്ഷ തേടുന്നു. അതുകൊണ്ട് പരമകാരുണികന്റെ ദാസർ എപ്പോഴും തൗബയും ഇസ്തിഗ്ഫാറും ചെയ്തു കൊണ്ടിരി ക്കേണ്ടതാണ്. അല്ലാഹുവിന്റെ സംരക്ഷണത്തിൽ നിലനിൽക്കാൻ എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. ഇരുലോക നിന്ദ്യതകളിൽ നിന്നും അല്ലാഹു നമ്മെ രക്ഷപ്പെടുത്തട്ടെ എന്ന് ദുആ ചെയ്യുക. ഈ ലോകത്ത് വരുന്ന പ്രയാസങ്ങളിൽനിന്നും നരകത്തിൽ നിന്നും അല്ലാഹു സംരക്ഷിക്കുമാറാകട്ടെ. ലോകത്തിന്റെ മിന്നിത്തിളക്ക ങ്ങളും ആർഭാടങ്ങളും നമ്മെ കീഴ്പ്പെടുത്താതിരിക്കട്ടെ. ഇതെല്ലാം നമ്മെ ഈ ലോകത്ത്വെച്ച് അല്ലാഹുവിൽ നിന്ന് അകറ്റുകയും അങ്ങിനെ പരലോകനരകത്തിന്റെ അവകാശികളാക്കി നമ്മെ മാറ്റു കയും ചെയ്യുന്നതാണ്. നമ്മുടെ മക്കളെക്കുറിച്ചുള്ള നമ്മുടെ വ്യാകു ലതയും അല്ലാഹു അകറ്റുമാറാകട്ടെ. ഇവരെ ഓർത്ത് നാം അസ്വസ്ഥ തയുടെ അഗ്നിയിൽ എരിഞ്ഞുകൊണ്ടിരിക്കാതിരിക്കട്ടെ.

ഇബാദുർറഹ്മാന്റെ അഞ്ചാമത്തെ ഗുണമായി എടുത്ത് പറ ഞ്ഞത് لَا يُسْرِفُوا എന്നാണ്. അവർ അമിതവ്യയം ചെയ്യുകയില്ല. ധൂർത്ത് അവരിൽ കാണില്ല. സ്വന്തം സമ്പത്തും മറ്റുള്ളവരെ കാണി ക്കാനായി ചെലവഴിക്കില്ല. ജമാഅത്തിന്റെ സമ്പത്തും ലക്കും ലഗാ നുമില്ലാതെ ചെലവഴിക്കില്ല. വ്യക്തിപരമായ ധൂർത്തിന്റെ കാര്യം എടുക്കുകയാണെങ്കിൽ ഇപ്പോൾ അത് ഈ സമൂഹത്തിൽ വളരെ കൂടിവരുന്നതായി കാണുന്നു. വിവാഹസംബന്ധമായ ധൂർത്താണ് ഇവിടെ ഒന്ന് കാണുന്നത്. മറ്റുള്ളവരെ കണ്ടുകൊണ്ട് വിവിധങ്ങളായ ഭക്ഷണങ്ങൾ ഇവിടെയും പാക്കിസ്ഥാനിലും പാകം ചെയ്തു വരു ന്നു. വിവാഹദിവസം ഭക്ഷണമുണ്ടാക്കി ക്ഷണിക്കുന്നു. അതുകൂടാ തെ വലീമയുടെ ക്ഷണവുണ്ടാകും. ക്ഷണം നടത്തുന്നത് തെറ്റൊ ന്നുമല്ല. എന്നാൽ അതും ലളിതമാക്കാമല്ലോ. കല്ല്യാണത്തിന് മുമ്പ് മൈലാഞ്ചി കല്ല്യാണം നടക്കുന്നു. അതിനായും വളരെ കൂടുതൽ പണം ചെലവഴിക്കുന്നുണ്ട്. പെൺകുട്ടിയുടെ വീട്ടുകാർ കല്ല്യാണം ആഘോഷിക്കുക എന്ന പേരും പറഞ്ഞ് കാർഡുകൾ അച്ചടിച്ച് വിത രണം ചെയ്യുകയും മറ്റുള്ളവരെ ക്ഷണിച്ച് വലിയ സദ്യ ഒരുക്കുകയും ചെയ്യുന്നു. മൈലാഞ്ചി ഇടണം എന്നുണ്ടെങ്കിൽ പെൺകുട്ടിയുടെ കൂട്ടുകാരികൾ ഒരുമിച്ചുകൂടി ആഘോഷിക്കട്ടെ. ഈ പ്രവണതയും നിത്യവും വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. ഇതെല്ലാം മറ്റു ള്ളവരെ കണ്ടുകൊണ്ടാണ് ചെയ്യുന്നത്. ആൺകുട്ടിയുടെ കുടുംബ വും കല്ല്യാണദിവസത്തിന് മുമ്പ് ആഘോഷത്തിന്റെ പേരും പറഞ്ഞ് സദ്യ ഒരുക്കുന്നു. തെറ്റായ ഈ ബിദ്അത്തിൽ മതപരിജ്ഞാനമുള്ള വർ വരെ ഉൾപ്പെട്ടതായി കാണാൻ സാധിക്കുന്നു. ഇങ്ങനെയുള്ള സദ്യകൾ സംഘടിപ്പിക്കാത്തവരെ കുറിച്ച് മറ്റുള്ളവർ പിറുപിറുക്കാൻ തുടങ്ങുന്നു. അറുപിശുക്കനായത് കൊണ്ടാണ് ഇതൊന്നും ചെയ്യാ ത്തത് എന്ന് പറഞ്ഞാണ് കളിയാക്കുന്നു. പ്രത്യേകിച്ച് പുറം നാടുക ളിൽ നിന്ന് പാക്കിസ്ഥാനിലേക്ക് പോകുന്നവർ ഭക്ഷണത്തിനും ആഭര ണത്തിനും വസ്ത്രത്തിനും വേണ്ടി കണക്കില്ലാതെയാണ് പണം ചെല വഴിക്കുന്നത്. ഒരാൾ ചെലവാക്കിയതിലും കൂടുതലായിരിക്കും അടുത്ത ആൾ ചെലവഴിക്കുന്നത്. ഇതെല്ലാം തന്നെ ധൂർത്താണ്. ഞാൻ മുമ്പൊരിക്കൽ പറഞ്ഞതുപോലെ ഈ പണം പാവങ്ങളുടെ കല്ല്യാണത്തിന് ചെലവിടാവുന്നതാണ്. യത്തീമുകളുടെ സംരക്ഷ ണത്തിന് ഇത് വിനിയോഗിക്കാവുന്നതാണ്. മറ്റു പല നല്ല കാര്യങ്ങൾ ക്കുമായി ഇത് വിനിയോഗിക്കാവുന്നതാണ്. അമിത ചെലവിൽ നിന്ന് രക്ഷപ്പെടുകയാണെങ്കിൽ ഇതെല്ലാം ചെയ്യാൻ സാധിക്കുന്നതാണ്.

അങ്ങിനെയുള്ളവരാണ് റഹ്മാനായ അല്ലാഹുവിന്റെ യഥാർത്ഥ ദാസരായിത്തീരുക.

ആറാമത്തെ ഗുണമായി എടുത്ത് പറഞ്ഞത് لَا يَقْتُرُ എന്നാണ്. ലുബ്ധ് കാണിക്കാത്തവർ കൂടിയാണവർ. ചിലർ ലുബ്ധ് കാരണം ആവശ്യത്തിന് പോലും ചെലവഴിക്കാത്തവരാണ്. ചിലർ അറുപിശു ക്കരായിത്തീരുന്നു. പണം സ്വരുക്കൂട്ടാൻ വേണ്ടിമാത്രമാണ് ഇതവർ ചെയ്യുന്നത്. ചിലർ വ്യക്തിപരമായ അത്യാവശ്യങ്ങൾക്ക് പോലും ചെലവഴിക്കാത്തവരുണ്ട്. അടുത്ത ബന്ധുക്കളെ സഹായിക്കു കയോ ദരിദ്രർക്കായി വല്ലതും നൽകുകയോ ജമാഅത്തിനുവേണ്ടി ത്യാഗം ചെയ്യുന്ന ശീലമോ അവരിൽ ഉണ്ടാകില്ല. അതുകൊണ്ട് പണ മുണ്ടായിട്ടും ചെലവഴിക്കാത്തവരും പരമകാരുണികന്റെ ദാസരിൽ ഉൾപ്പെടുന്നതല്ല. ധൂർത്തിനെ അല്ലാഹു നിരുത്സാഹപ്പെടുത്തു കയും ഇബാദുർറഹ്മാനെ അതിൽ നിന്നും മോചിപ്പിക്കുകയും ചെയ്തപ്പോൾ ലുബ്ധിനെയും അല്ലാഹു വെറുക്കുകയുണ്ടായി. ഒരു കൂട്ടർ ചെലവഴിക്കേണ്ട മാനദണ്ഡമനുസരിച്ച് ചെലവഴിക്കു ന്നില്ല. മറ്റൊരുവർ പണം തടഞ്ഞുവെച്ചുകൊണ്ട് അതിനെ കൂട്ടി വെച്ച് സമൂഹത്തിന്റെ ഉന്നമനത്തിന് തടസ്സം നിൽക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു; പരമകാരുണികന്റെ ദാസർ ലോക രെ കാണിക്കാനായി അമിതത്വമോ അതേ പോലെ അത്യാവശ്യ കാര്യ ത്തിന് പോലും ചെലവഴിക്കാതെ അതിമിതത്വമോ ചെയ്യില്ല. ഇത് രണ്ടിനും ഇടയിലുള്ള പാതയാണ് അവർ സ്വീകരിക്കുക. ഇബാദുർ റഹ്മാന്റെ ചെലവഴിക്കലും ചെലവുചുരുക്കലും എല്ലാം അല്ലാഹു വിന്റെ പ്രീതിയനുസരിച്ചായിരിക്കും.

ഏഴാമത്തെ അടയാളമായി പറഞ്ഞത് ഇബാദുർറഹ്മാൻ ശിർ ക്കിന്റെ അടുത്തുപോലും പോകില്ല എന്നാണ്. കാരണം അല്ലാഹു വിന്റെ പക്കൽ ഏറ്റവും വലിയ അക്രമം ശിർക്കാണ്. അല്ലാഹു പറയുന്നു. മറ്റെല്ലാ പാപങ്ങളും പൊറുക്കപ്പെട്ടേക്കാം എന്നാൽ ശിർക്ക് പൊറുക്കപ്പെടുന്നതല്ല. ഇബാദുർറഹ്മാനെ ബന്ധപ്പെടുത്തി ക്കൊണ്ട് ശിർക്ക് പരാമർശിച്ചിരിക്കുന്നതിൽ നിന്നും മനസ്സിലാകു ന്നത് ഇത് ബാഹ്യമായി കാണുന്ന ബിംബാരാധനയല്ല എന്നാണ്. സൂക്ഷ്മമായ ശിർക്കിൽ നിന്നും അവർ വിട്ടു നിൽക്കുന്നു. അവ രുടെ ആരാധനകളും ബാധ്യതകൾ നിറവേറ്റലും എല്ലാം അല്ലാഹുവി ന്റെ കൽപനപ്രകാരമായിരിക്കും നടപ്പിൽ വരിക. നിഗൂഢമായ ശിർക്കിന് കാരണമായിത്തീരരുത് എന്ന് ചിന്തിച്ചുകൊണ്ട് വളരെ ജാഗ്രതയോടെയാണ് അവർ ഓരോന്നും പ്രവർത്തിക്കുന്നത്. വളരെ സൂക്ഷ്മതയോടുകൂടി അവർ മുന്നോട്ട് നീങ്ങുന്നു. അവരുടെ ഉദ്യോഗങ്ങളും മറ്റു പ്രവർത്തനങ്ങളും അവരുടെ ആരാധനക്ക് തടസ്സമായിത്തീരുന്നില്ല. കഴിഞ്ഞ ഖുത്ബയിൽ ഇതിനെ സംബ ന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. ഇതും ഒരു രീതിയിലുള്ള നിഗൂഢമായ ശിർക്കിൽ പെടുന്നതാണ്.

എട്ടാമത്തെ ഗുണമായി എടുത്ത് പറഞ്ഞത് അനർഹമായി ഒരു ജീവനേയും അവർ വധിക്കില്ല എന്നാണ്. റസൂലുല്ലാഹി (സ.അ) തിരുമേനിയും സഹാബത്തും ഖുലഫായെ റാശിദീങ്ങളും അവർക്ക് ശേഷം മുസ്ലീംകളും യുദ്ധം ചെയ്തിട്ടുണ്ടെങ്കിൽ തഖ്വയിൽ നിലനിന്നുകൊണ്ടാണ് അവർ യുദ്ധം ചെയ്തത്. മാത്രമല്ല ശത്രുക്കൾ അതിരുകടന്നതുകൊണ്ടും അക്രമത്തെ തടയുന്നതിനും വേണ്ടി യാണ് അവർ യുദ്ധം ചെയ്തത്. ഈ യുദ്ധത്തിൽ പോലും തിരു നബി(സ.അ) യും ഖുലഫായെ റാശിദീങ്ങളും നൽകിയിരുന്ന നിർ ദ്ദേശം നിങ്ങൾ കുട്ടികളേയോ സ്ത്രീകളേയോ മതനേതാക്കളേയോ

പാതിരിമാരേയോ അവർ യുദ്ധത്തിൽ പങ്കെടുത്തിട്ടില്ലെങ്കിൽ വധിക്കരുത് എന്നാണ്. എന്നാൽ രണ്ടാം ലോക മഹായുദ്ധത്തിൽ എന്താണ് നാം കണ്ടത്.അന്ന് ലക്ഷക്കണക്കിന് നിഷ്കളങ്കരായ ജപ്പാനികളെ വധിച്ചു കളയുകയുണ്ടായി. ഇന്നും സമാധാനം സ്ഥാപിക്കുക എന്ന പേരും പറഞ്ഞ് ബോംബർ വിമാനങ്ങളുപയോഗിച്ച് ആക്രമണം നടത്തിക്കൊണ്ട് നിഷ്കളങ്കരായ നഗരവാസികളെ കൊന്നൊടുക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിനെ ആക്ഷേപിക്കുന്നവരുടെ അവസ്ഥയാണിത്. എന്നാൽ ഞങ്ങളാണ് ഇബാദുർറഹ്മാൻ എന്ന് വാദിക്കുന്ന മുസ്‌ലീംകൾ ആത്മഹത്യസ്ഫോടനങ്ങൾ നടത്തിക്കൊണ്ട് നിഷ്കളങ്കരുടെ രക്തമാണ് ഒഴുക്കുന്നത്. മതത്തിന്റെ പേരിൽ, ഇസ്‌ലാമിന്റെ പേരിൽ രക്തം ഒഴുക്കുന്ന ഭയാനകമായ മറ്റൊരു സമസ്യയാണിത്. ഇങ്ങിനെയുള്ളവരെ കുറിച്ച് അല്ലാഹുവിന്റെ തീരുമാനം അവർ ഒരു കാരണവശാലും ഇബാദുർറഹ്മാൻ ആയിത്തീരില്ല എന്നാണ്.

പരമകാരുണികന്റെ ദാസരുടെ ഒമ്പതാമത്തെ ഗുണമായി പറഞ്ഞിരിക്കുന്നത് അവർ വ്യഭിചരിക്കില്ല എന്നാണ്. ഇതിൽ പ്രത്യക്ഷമായ വ്യഭിചാരവും അതോടൊപ്പം വളരെ മോശമായ പ്രോഗ്രാമുകൾ കണ്ട്കൊണ്ട് അതിൽ ആനന്ദിക്കുന്നതും ഉൾപ്പെടുന്നതാണ്. ഇന്റർനെറ്റിലും ടി.വി. ചാനലുകളിലുമെല്ലാം ഇക്കാലത്ത് കാണുന്ന ദൃശ്യങ്ങൾ മാനസികമായും ദൃഷ്ടിപരവുമായുള്ള വ്യഭിചാരമാണ്. ഇതിൽ നിന്നെല്ലാം അഹ്മദികൾ രക്ഷപ്പെടേണ്ടതാണ്.

പത്താമത്തെ ഗുണമായി പറഞ്ഞത് ഇബാദുർറഹ്മാൻ കളവ് പറയില്ല, കള്ളസാക്ഷ്യം നൽകുകയുമില്ല എന്നാണ്. കളവും സമൂഹത്തിന്റെ അധഃപതനത്തിനും നാശത്തിനും വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ദാസരും ദൈവീകപ്രസ്ഥാനങ്ങളും ഉന്നതങ്ങളിലേക്ക് കരേറിപ്പോകേണ്ടവരാണ്. അഭിവൃദ്ധിയിൽ നിന്നും അഭിവൃദ്ധിയിലേക്ക് അവർക്ക് മുന്നേറേണ്ടതുണ്ട്. അവരിൽ കളവ് വ്യാപിക്കുകയാണെങ്കിൽ പിന്നെ അവർ എങ്ങിനെയാണ് അല്ലാഹു അനുഗ്രഹിക്കും എന്ന് വാഗ്ദാനം ചെയ്തിട്ടുള്ള അവന്റെ പ്രത്യേക ദാസരിൽ ഉൾപ്പെടുക. അത് കൊണ്ട് അഹ്മദികൾക്ക് തങ്ങളുടെ സാക്ഷ്യങ്ങൾ നൽകുന്നതിലും തങ്ങളുടെ വ്യാപാരങ്ങളിലും നൂറു ശതമാനവും സത്യത്തിൽ അടിയുറച്ച് നിൽക്കേണ്ടതാണ്. ഉദാഹരണത്തിന് വിവാഹപ്രശ്നം തന്നെയെടുക്കാം. നിക്കാഹ് സമയത്ത് കാര്യങ്ങൾ നേരെചൊവ്വാ കൈകാര്യം ചെയ്യുന്നതാണ് എന്നു പറഞ്ഞുകൊണ്ടാണ് ഈ ബന്ധം ഉറപ്പിക്കുന്നത്. ഒരു വിധ സന്ദേഹത്തിനും ഇടം നൽകാത്ത തരത്തിൽ ഞങ്ങൾ സത്യം പറയുന്നതാണെന്നും സമ്മതിക്കുന്നു. വളച്ചൊടിച്ചൊന്നും പറയാതെ നേരെവാ നേരെപോ എന്നതായിരുന്നു ഞങ്ങളുടെ നിലപാട് എന്നും സമ്മതിക്കുന്നു. എന്നാൽ കല്ല്യാണം കഴിഞ്ഞാൽ പെൺകുട്ടി ആൺകുട്ടിയോട് തെറ്റായ രീതിയിൽ കാര്യങ്ങൾ സമർത്ഥിക്കുന്നു. ഇതേപോലെ തിരിച്ചും. ഇരുവീട്ടുകാരും കാര്യങ്ങൾ വക്രമായ മാർഗ്ഗത്തിലൂടെ മുന്നോട്ട് കൊണ്ടുപോകുന്നു. തുടർന്ന് ഈ ബന്ധത്തിൽ വിള്ളലുകളുണ്ടാകുകയും അങ്ങിനെ ഈ ബന്ധം ഇല്ലാതായിത്തീരുന്നു. വ്യക്തിതാൽപര്യങ്ങളും വ്യക്തിയുടെ അഹം നിമിത്തവും ബന്ധങ്ങൾ ഇടയുന്നു. ഇതിൽ കുട്ടികളുണ്ടെങ്കിൽ അവരും നഷ്ടപ്പെടുന്നു. പലപ്പോഴായി ഞാൻ ഈ കാര്യത്തെ കുറിച്ച് പറഞ്ഞിട്ടുള്ളതാണ്. അത്കൊണ്ട് അല്ലാഹുവിന്റെ കടപ്പാടുകൾ നിറവേറ്റുന്നതിനും സൃഷ്ടികളോടുള്ള കടപ്പാടുകൾ നിറവേറ്റുന്നതിലും സർവ്വവിധ കളവിനോടും ഒരു വിശ്വാസിക്ക് വെറുപ്പ് ഉണ്ടായിത്തീരേണ്ടതാണ്.

പതിനൊന്നാമത്തെ ഗുണമായി പറഞ്ഞത് مَرُّوْا بِاللَّغْوِ مَرُّوْا كِرَامًا ഭൗതീകസുഖാഢംഭരങ്ങളിൽ നിമഗ്നനായി അതിൽ അലിഞ്ഞുചേരുന്നില്ല. ഇക്കാലത്തെ വ്യർത്ഥമായ കാര്യങ്ങളെ കുറിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞു. അതിൽ ഒന്ന് ഇന്റർനെറ്റാണ്. വിവിധ രീതിയിലുള്ള പ്രോഗ്രാമുകൾ കാണിക്കുന്നതിൽ അവർ മുഴുകിയിരിക്കുകയാണ്. ഇതേപോലെ ടി.വി. ചാനലുകളാണ്. ഇക്കാലത്ത് ആൺകുട്ടികളും പെൺകുട്ടികളും സ്കൂളുകളിലും കോളേജുകളിലും ഗ്രൂപ്പുകളായി കറങ്ങിയടിക്കുന്നു. ക്ലബ്ബിൽ പോകുന്നു. ഡാൻസും പാട്ടും എന്നിവ നടത്തുന്നു. ഇങ്ങിനെയുള്ള പ്രോഗ്രാമുകൾ ആവിഷ്കരിക്കുന്നു. അല്ലെങ്കിൽ ഈ പ്രോഗ്രാമുകൾ കാണാനുള്ള പദ്ധതികൾ ഇടുന്നു. ഒരു വിശ്വാസിയെ സംബന്ധിച്ചടുത്തോളം ഇതെല്ലാം വ്യർത്ഥമായ കാര്യങ്ങളാണ്. ഒരു ഭാഗത്ത് നാം പറയുന്നത് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബൈഅത്ത് ചെയ്തിട്ടുണ്ടെന്നാണ്. അതേപോലെ ഇബാദുർറഹ്മാനാണെന്നും നാം പറയുന്നു. എന്നിട്ടും വ്യർത്ഥമായ കാര്യങ്ങളിൽ നാം അകപ്പെടുന്നത് എന്നതും ധാർമ്മികതയെത്തന്നെ പൂർണ്ണമായും നശിപ്പിക്കുന്ന പരിപാടികളിൽ പങ്കെടുക്കുക എന്നതും നമുക്ക് ഭൂഷണമല്ല. അതുകൊണ്ട് ഒരു യഥാർത്ഥ അഹ്മദി ഇതിൽ നിന്നെല്ലാം വിട്ട് നിൽക്കേണ്ടതാണ്.

വ്യർത്ഥമായ കാര്യങ്ങൾ എന്നതിൽ കലഹവും വഴക്കും ഉൾപ്പെടും. ഇതും നേരത്തെ വിവരിച്ചിട്ടുള്ളതാണ്. സമൂഹത്തിന്റെ സമാധാനാന്തരീക്ഷത്തെ തകർക്കുന്ന ഏതൊരു കാര്യവും **ലഗ്‌വിൽ** (വ്യർത്ഥമായ കാര്യത്തിൽ) ഉൾപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. وَ اِذَا مَرُّوْا بِاللَّغْوِ مَرُّوْا كِرَامًا ആരിൽ നിന്നെങ്കിലും വ്യർത്ഥമായ കാര്യം കേൾക്കുകയോ ആരെങ്കിലും കലഹവും വഴക്കും തുടങ്ങുകയോ ചെയ്യുകയാണെങ്കിൽ അവർ മാന്യമായി അതിൽ നിന്നും വിട്ടകലുന്നു. ചെറിയ ചെറിയ കാര്യങ്ങൾക്കായി അവർ കലഹിക്കുകയില്ല. അവരെ ശരിക്കും പ്രയാസപ്പെടുത്താതെ അവർ പ്രശ്നങ്ങളിൽ ഇടപെടുകയില്ല. നിസ്സാരകാര്യങ്ങൾ ഗൗനിക്കാതെ പൊറുത്തുകൊടുക്കുകയാണ് സമാധാനമുണ്ടാക്കാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടത്.ഈ ആയത്തിൽ വന്നിട്ടുള്ള ലഗ്‌വ് എന്ന വാക്കിന് അറബി ഭാഷയിൽ ഒരാൾ ദ്രോഹോദ്ദേശത്തോടെ വല്ലതും പറയുകയും കഷ്ടപ്പെടുത്തണം എന്ന ഉദ്ദേശത്തോടെ വല്ലതും പ്രവർത്തിക്കുകയും എന്നാൽ അതുകൊണ്ട് വലിയ പ്രശ്നമൊന്നും ഉണ്ടാകാതിരിക്കുകയും ചെയ്യുക എന്നതിനാണ് പറയുന്നത്. ചുരുക്കത്തിൽ ഇങ്ങനെയുള്ള തുച്ഛമായ ദ്രോഹപ്രവർത്തനങ്ങൾ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഗൗരവത്തോടും അന്തസ്സോടും കൂടി പ്രവർത്തിക്കുക എന്നതാണ് സൗമ്യതയുടെ ലക്ഷണം.

പന്ത്രണ്ടാമത്തെ ഗുണമായി പറഞ്ഞിട്ടുള്ളത് അവരുടെ മുമ്പിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ മൂകരും അന്ധരുമായി കടന്നുകളയാതെ ചെവിതുറന്ന് കാര്യങ്ങൾ കേൾക്കുന്നവരാണ്. വിശുദ്ധ ഖുർആനുമായി ബന്ധപ്പെട്ടുകൊണ്ട് അവർക്ക് ഉപദേശങ്ങൾ നൽകുമ്പോൾ അതനുസരിച്ച് പ്രവർത്തിക്കുവാനും തങ്ങളുടെ ആത്മീയതയെ വർദ്ധിപ്പിക്കുവാനും അവർ ശ്രമിക്കുന്നു. അതുകൊണ്ട് ഇബാദുർറഹ്മാൻ ആയിത്തീരണമെങ്കിൽ സർവ്വവിധ സദുപദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കേണ്ടതാണ്. ആരാണ് പറയുന്നത് എന്ന് നോക്കാതെ അല്ലാഹുവിന്റെയും അല്ലാഹുവിന്റെ റസൂലിന്റെയും പേരിൽ പറയപ്പെടുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുക. കർമ്മങ്ങളില്ലെങ്കിൽ വഴിതെറ്റാനുള്ള സാഹചര്യം ഉണ്ടായേക്കാം.

മാത്രമല്ല,ഇബാദുർറഹ്മാന്റെ ഗുണത്തിൽ നിന്ന് നിഷ്കാസനം ചെയ്യ പ്പെടുകയും ജമാഅത്തിൽ നിന്നുപോലും അകന്നുപോകുകയും ചെയ്തേക്കാം.

പതിമൂന്നാമത്തെ ഗുണമായി പറഞ്ഞത് അവർ അവരുടെ ഇണ കൾക്കും മക്കൾക്കും വേണ്ടി ഇപ്രകാരം പ്രാർത്ഥിക്കുന്നതാണ് എന്നാണ് ;അല്ലാഹുവേ ഇവരിൽനിന്ന് ഞങ്ങൾക്ക് നീ കൺകുളി ർമ്മ പ്രദാനം ചെയ്യേണമെ. ഭാവിതലമുറയുടെ നിലനിൽപ്പിന്നായി അവരുടെ മതപരവും ഭൗതീകവുമായുള്ള ഉന്നമനത്തിനായി ബാഹ്യ മായ പ്രയത്നങ്ങൾ ചെയ്യുന്നതോടൊപ്പം അവർക്കായി ദുആചെയ്യേ ണ്ടതും അനിവാര്യമാണ്. കാരണം അല്ലാഹുവാണ് സൽഫലം ഉണ്ടാ കുന്നത്. ഞങ്ങളുടെ കഴിവുകൊണ്ടാണ് മക്കളെ നല്ല രീതിയിൽ ശിക്ഷണം നൽകാൻ സാധിക്കുന്നത് എന്ന് ആരെങ്കിലും ധരി ക്കുന്നുണ്ടെങ്കിൽ ആ ധാരണ തെറ്റാണ്. ഭൗതികരായവർ അവരുടെ മക്കളുടെ അഭിവൃദ്ധി കാണുന്നുണ്ടെങ്കിൽ ഇതും അല്ലാഹുവിന്റെ റഹ്മാനിയ്യത്ത് എന്ന ഗുണത്തിന്റെ ഫലമായി ലഭിക്കുന്നതാണ്. മറ്റൊ രു വാക്കിൽ പറഞ്ഞാൽ ആ സിഫത്തിൽ നിന്നും അവർ ഗുണമെടു ക്കുന്നു. അത് വെറും ഭൗതികകാര്യങ്ങളിലുള്ള വിജയമാണ്. റഹ് മാന്റെ ദാസർക്ക് ലഭിക്കുന്ന വിജയമല്ല. കാരണം അല്ലാഹു അവർക്ക് മുത്തഖീങ്ങളുടെ നേതാവാക്കുക എന്ന സ്ഥാനം നൽകിയിട്ടില്ല. മുത്തഖീങ്ങളുടെ ഇമാമാകുന്നതിന് തഖ്വയിൽ മുന്നേറാൻ അവർ ശ്രമിച്ചിട്ടില്ല. എന്നാൽ ആരാണോ തങ്ങളുടെ മക്കൾ തഖ്വയിൽ മുന്നേറണം എന്ന് പ്രാർത്ഥിക്കുന്നത് അവർ മക്കളുടെ ഭൗതീകമായ അഭിവൃദ്ധിക്കുവേണ്ടി മാത്രമല്ല ദുആ ഇരക്കുന്നത്, മറിച്ച് അവരുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കായി ദുആ ഇരക്കുന്ന താണ്. അവർ സ്വയം തഖ്വയിൽ മുന്നേറാൻ ശ്രമിക്കുന്നതാണ്. ഇങ്ങിനെയുള്ളവർ അല്ലാഹുവിന്റെ അനുഗ്രഹത്തെ കരസ്ഥമാക്കു ന്നവരായി മാറും.

ഇക്കാലത്ത് സമൂഹത്തിൽ എല്ലായിടത്തും തന്നെ കുട്ടികളുടെ ഭൗതികവിദ്യാഭ്യാസത്തെ കുറിച്ചും അവരുടെ ഭൗതിക പുരോഗതിയെ കുറിച്ചും മാതാപിതാക്കൾ ചിന്താകുലരാണ്. എന്നാൽ ആത്മീയ കാര്യത്തിൽ ശ്രദ്ധ വളരെ കുറവും. ഇവിടെ പാശ്ചാത്യനാടുകളിൽ സ്വാതന്ത്ര്യത്തിന്റെ പേരും പറഞ്ഞ് കുട്ടികളെ പൂർണ്ണമായും തുറന്ന് വിട്ടിരിക്കുകയാണ്. മാതാപിതാക്കളുടെ ഉപദേശങ്ങൾപോലും അവർ ചെവികൊള്ളാൻ തയ്യാറാകുന്നില്ല. ഈ സ്വാതന്ത്ര്യം ആവശ്യ ത്തിൽ കൂടുതലായിപ്പോയി എന്ന തോന്നൽ ഇപ്പോൾ ഇവർക്കും വന്നിരിക്കുന്നു. മാത്രമല്ല, ഇതു സംബന്ധമായ പ്രോഗ്രാമുകൾ ടി.വി. യിൽ വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സമൂഹത്തിൽ മാതാപിതാക്കൾ മക്കളുടെ ഇമാമായിത്തീരുന്നതിന് പകരം മക്കൾ മാതാപിതാക്കൾക്ക് നേതൃത്വം നൽകുന്നവരായി മാറിക്കഴിഞ്ഞി രിക്കുന്നു. മക്കൾ മാതാപിതാക്കൾക്കുനേരെ കൈപൊക്കാൻ തുട ങ്ങിയിരിക്കുന്നു. മാതാപിതാക്കൽ ഏതെങ്കിലും കാര്യത്തിൽ നിസാ രമായി എതിർക്കുകയോ തടസ്സം പറയുകയോ ചെയ്യുന്നതുപോലും കുട്ടികൾക്ക് സഹിക്കാൻ കഴിയാതായിരിക്കുന്നു. ഇനി ആരെങ്കി ലും വല്ല സദുപദേശവും ചെയ്താൽ അവർക്ക് അത് അസഹ്യമായി തോന്നുന്നു.

ഭാവിതലമുറയെ രക്ഷിക്കാൻ മാതാപിതാക്കൾ എത്രവരെ ക്ഷമി ക്കണമെന്നും കുട്ടികൾക്ക് എത്രകണ്ട് ശിക്ഷ നൽകണമെന്നുള്ള അതിരുകൾ നിശ്ചയിക്കണമെന്ന ശബ്ദം ഇപ്പോൾ ഇവിടങ്ങളിൽ ഉയരാൻ തുടങ്ങിയിട്ടുണ്ട്. കാരണം ഇവിടെ മാതാപിതാക്കൾ കുട്ടി കളുടെ ഏതെങ്കിലും തെറ്റിന് ശിക്ഷ നൽകുമ്പോൾ കുട്ടികളുടെ ക്ഷേമകാര്യങ്ങൾ നോക്കിനടത്തുന്ന സ്ഥാപനങ്ങൾ കുട്ടികളെ അവ രുടെ കൂടെ കൊണ്ടുപോകുന്നു. ഞങ്ങളെ വല്ലതും പറഞ്ഞാൽ ഞാൻ അവിടെ പോകും എന്നും പറഞ്ഞ് മക്കൾ മാതാപിതാക്കളെ ഭീഷണിപ്പെടുത്തുന്നു. ഈ ഒരു കാര്യം കുട്ടികളെ വല്ലാതെ കയ റൂരി വിട്ടിരിക്കുകയാണ്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം വളരെ വഷളായിക്കൊണ്ടിരിക്കുകയാണ്. ഇതിനുള്ള ഒരു പ്രധാനകാരണം ദുആ ചെയ്യുന്നില്ല എന്നതുമാണ്. കുട്ടികളുടെ ശിക്ഷണം യഥാർത്ഥ രീതിയിൽ നടക്കുന്നതിന്നായി പ്രാർത്ഥി ക്കാനും അതോടൊപ്പം ഉത്തമമാതൃക കാഴ്ചവെക്കാനും അല്ലാഹു കൽപ്പിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: "ഇനി മറ്റൊരു കാര്യമുണ്ട്; മക്കളുണ്ടാകണം എന്ന് ജനങ്ങൾ വള രെയധികം ആഗ്രഹിക്കുന്നു. മക്കളുണ്ടാക്കുകയും ചെയ്യുന്നു. എന്നാൽ കുട്ടികളുടെ ശിക്ഷണകാര്യത്തിലോ അവരെ ഉത്തമരും സൽസ്വഭാവികളും അല്ലാഹുവിനെ അനുസരിക്കുന്നവരുമായി മാറ്റ ണമെന്ന കാര്യത്തിലോ ശ്രമം നടക്കുന്നതായി കാണാൻ സാധി ക്കുന്നില്ല. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയോ തർബിയ്യത്തിന്റെ പദവികളെ കുറിച്ച് ചിന്തിക്കുകയോ ചെയ്യുന്നില്ല. (തർബിയ്യത്തിനും വ്യത്യസ്ത മേഖലകളുണ്ട്. ഏത് വയസ്സിൽ എന്ത് പഠിപ്പിക്കണം,ഏത് വയസ്സിലാണ് കുട്ടികളെ നിയന്ത്രിക്കേണ്ടത്, എന്നിവയെക്കുറിച്ച് ശ്രദ്ധിക്കുന്നില്ല). എന്റെ സുഹൃത്തുക്കൾക്കും കുട്ടികൾക്കും ഭാര്യ ക്കും വേണ്ടി പ്രാർത്ഥിക്കാത്ത ഒരൊറ്റ നമസ്കാരംപോലും ഞാൻ അനുഷ്ടിക്കാറില്ല എന്നതാണ് എന്റെ അവസ്ഥ.പല മാതാപിതാക്ക ളും തങ്ങളുടെ മക്കളെ ദുഃസ്വഭാവം പഠിപ്പിക്കുന്നു. അവർ തെറ്റ് ചെയ്തു തുടങ്ങുമ്പോൾ തുടക്കത്തിൽതന്നെ അവരെ ശാസിക്കു ന്നില്ല. ഇതു കാരണം ദിവസം കഴിയുന്തോറും അവർ ശൂരരും നിർഭ യരുമായിത്തീരുന്നു. മക്കൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നത് അവർ ദീനിന്റെ സേവകരാകണം എന്ന ആഗ്രഹം കൊണ്ടൊന്നുമല്ല. മറിച്ച്, ഇവിടെ തങ്ങൾക്ക് ഒരു പിൻഗാമി ഉണ്ടായിരിക്കണം എന്നാ ണവർ ആഗ്രഹിക്കുന്നത്. മക്കൾ ഉണ്ടായിക്കഴിഞ്ഞാൽ അവർക്ക് ശിക്ഷണം നൽകുന്ന കാര്യങ്ങളെക്കുറിച്ച് ശ്രദ്ധിക്കുകയോ അവ രുടെ വിശ്വാസങ്ങൾ ശരിയാക്കിക്കൊടുക്കുകയോ ചെയ്യന്നില്ല. (കുട്ടികൾക്ക് വിശ്വാസങ്ങൾ എന്തെല്ലാമാണെന്ന് പഠിപ്പിക്കുന്നില്ല. ആരോ എന്നോട് പറഞ്ഞു. സ്കൂളിൽ നമ്മുടെ ഒരു കുട്ടിയോട് മറ്റൊരു മുസ്ലിം കുട്ടി പറഞ്ഞു; നിങ്ങൾ ശൈത്വാനെ ആരാധി ക്കുന്നവരും അല്ലാഹുവിനെ അംഗീകരിക്കാത്തവരുമാണ്. എന്നാ ൽ ഇതിന് എന്ത് മറുപടിയാണ് പറയേണ്ടത് എന്നുപോലും ഈ കുട്ടിക്ക് അറിയില്ല. അറിവും കഴിവുമൊക്കെയുള്ള കുട്ടിയാണ്. അവനോ അവളോ മറുപടി പറയാതെ മിണ്ടാതിരിക്കുകയാണ് ചെയ്തത്. ഇങ്ങിനെ മിണ്ടാതിരുന്നത് കൊണ്ട് ഒരുപക്ഷെ മറ്റു കുട്ടി കൾ കരുതിയിട്ടുണ്ടാകും അഹ്മദികൾ അല്ലാഹുവിനെ അംഗീകരി ക്കാത്തവരാണെന്ന്. ഇങ്ങിനെയുള്ള അടിസ്ഥാനകാര്യങ്ങൾ പോലും ചിലപ്പോൾ മാതാപിതാക്കൾ കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുന്നില്ല.)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു:- (മാതാപിതാക്കൾ) കുട്ടികളുടെ സ്വഭാവ സംസ്ക്കരണത്തിന് ശ്രമിക്കുന്നില്ല. (കുട്ടി കളുടെ സ്വഭാവം ചെറുപ്പത്തിൽ തന്നെ ശരിയാക്കുകയാണെങ്കിൽ മാതാപിതാക്കളെ ധിക്കരിക്കാൻ ഒരു കുട്ടിയും ധൈര്യം കാണി ക്കുകയില്ല. കുട്ടികളുടെ വസ്ത്രധാരണത്തെ കുറിച്ച് ഞാൻ ഇതിനു മുമ്പും പറഞ്ഞതാണ്. പെൺകുട്ടികളുടെ വസ്ത്രധാരണം എങ്ങിനെയായിരിക്കണമെന്ന് നാലാമത്തെയോ അഞ്ചാമത്തെയോ

വയസ്സിൽ തന്നെ അവരെ പറഞ്ഞ് ബോധ്യപ്പെടുത്തണം. അപ്പോഴാണ് വലുതായിക്കഴിഞ്ഞാൽ ശരിക്കുള്ള വസ്ത്രം ധരിക്കണം എന്ന ചിന്ത അവർക്ക് ഉണ്ടാവുകയുള്ളൂ. പതിമൂന്നാമത്തെയോ പതിനാലാമത്തെയോ വയസ്സിൽ നാം അവളോട് ജീൻസും ബ്ലൗസും ഒഴിവാക്കി കോട്ട് ധരിക്കണമെന്ന് പറഞ്ഞാൽ അവൾ ഉടനെ അതിനെതിരിൽ പ്രതികരിക്കും. അതുകൊണ്ടാണ് അവരുടെ സ്വഭാവ സംസ്ക്കരണത്തിന് ശ്രമിക്കുന്നില്ല എന്ന് പറഞ്ഞത്. ചെറുപ്പത്തിൽ തന്നെ ഇക്കാര്യത്തിലും ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.)

പറയുന്നു: ഓർക്കുക! അടുത്ത ബന്ധങ്ങളെ തിരിച്ചറിയാത്തവന്റെ വിശ്വാസം ശരിയാകുന്നതല്ല. അടുത്ത ബന്ധങ്ങളെപ്പോലും തിരിച്ചറിയാത്തവനിൽ നിന്ന് മറ്റെന്ത് നന്മയാണ് പ്രതീക്ഷിക്കാവുന്നത്? മക്കൾ ഉണ്ടാകണമെന്ന് എന്തിന് ആഗ്രഹിക്കണം എന്നതിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു ഇപ്രകാരം വിവരിക്കുന്നു. رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيّٰتِنَا قُرَّةَ أَعْيُنٍ وَّاجْعَلْنَا لِلْمُتَّقِيْنَ إِمَامًا

അല്ലാഹു നമ്മുടെ ഇണകളിൽ നിന്നും മക്കളിൽ നിന്നും കൺകുളിർമ പ്രതാനം ചെയ്യുമാറാകട്ടെ. ദുഷ്കർമ്മവും ദുഷ്പ്രവർത്തിയും ചെയ്യാതിരിക്കുകയും പരമകാരുണികന്റെ ദാസരുടെ ജീവിതം നയിക്കുകയും ചെയ്യുമ്പോഴാണ് ഇത് സാധ്യമാകുന്നത്. അല്ലാഹുവിന്ന് മറ്റെല്ലാറ്റിനെക്കാളും മുൻഗണന നൽകുകയും ചെയ്യേണ്ടതാണ്. തുടർന്ന് അല്ലാഹു വ്യക്തമായി പറയുന്നു.

وَّاجْعَلْنَا لِلْمُتَّقِيْنَ إِمَامًا മക്കൾ സദ്വൃത്തരും മുത്തഖീങ്ങളുമാണെങ്കിൽ തീർച്ചയായും അവരുടെ ഇമാം ഇവരായിരിക്കും. ഇവിടെ സ്വയം മുത്തഖി ആയിത്തീരാനുള്ള ദുആകൂടി അടങ്ങിയിരിക്കുന്നു. അതുകൊണ്ട് കുട്ടികളുടെ തർബ്ബിയ്യതിന് വേണ്ടി മുത്തഖി ആയിത്തീരേണ്ടതും ഇബാദുർറഹ്മാൻ ആയിത്തീരേണ്ടതുമാണ്. നാം മുത്തഖി ആയിത്തീരാൻ പരിശ്രമിക്കുമ്പോൾ ഇബാദുർറഹ്മാനെ കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്ന ഗുണങ്ങൾ നമ്മിൽ ഉണ്ടായിത്തീരുന്നതാണ്. അല്ലാഹുവിന്റെ സാമീപ്യം നേടിത്തരുന്നത് ഇവ്വിധ കാര്യങ്ങളായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു:- "മനുഷ്യരിൽ ഏറ്റവും ആദരണീയരായവരെ അല്ലാഹു സംരക്ഷിക്കുന്നു. അവർ അല്ലാഹുവുമായി നിഷ്കപടമായ ബന്ധം സ്ഥാപിക്കുന്നവരും തങ്ങളുടെ അന്തരംഗത്തെ സംശുദ്ധമാക്കി വെക്കുന്നവരും മാനവരാശിയോട് നന്മയോടും സഹാനുഭൂതിയോടുംകൂടി വർത്തിക്കുന്നവരും അല്ലാഹുവിന്റെ യഥാർത്ഥ അനുസാരികളുമായിരിക്കും."

ഒരു യഥാർത്ഥ അഹ്മദിയിൽ ഈവിധ ഗുണങ്ങളാണ് ഉണ്ടായിരിക്കേണ്ടത്. അല്ലാഹുവുമായി നിഷ്കപടമായ ബന്ധം സ്ഥാപിക്കാനും നമ്മുടെ അന്തഃരംഗം എപ്പോഴും സംശുദ്ധമാക്കി വെക്കാനും വേണ്ട എല്ലാ ഗുണങ്ങളും സ്വായത്തമാക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകുമാറാകട്ടെ. അല്ലാഹു നമ്മെ അവന്റെ സ്ഥായിയായ സ്വർഗ്ഗത്തിന്റെ അനന്തരാവകാശികളാക്കുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് - എറണാകുളം
**PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 25- 09 - 2009 at**
**Baithul Futuh,London**
**UK.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**